(ബി) എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

45 (2736) കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഓരോ പദ്ധതി പ്രദേശങ്ങളിൽ എത്ര ഹെക്ടർ ഭൂമി വെള്ളത്തിനടിയിലാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ;

(സി) മേൽപ്പറഞ്ഞ ഓരോ പദ്ധതികൊണ്ടും എത്ര ഹെക്ടർ വീതം സ്ഥലത്ത് ജലസേചനം നടത്താനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) കാരാപ്പുഴ പൂർത്തിയാകുമ്പോൾ 855 ഹെക്ടർ ഭൂമിയും ബാണാസുരസാഗർ പൂർത്തിയാകുന്നപോൾ 801 ഹെക്ടർ ഭൂമിയും വെള്ളത്തിനടിയിലാകും.

(സി)&(ഡി) ഉണ്ട്. കാരാപ്പുഴ പദ്ധതി വഴി 5221 ഹെക്ടറും ബാണാസുരസാഗർ വഴി 2800 ഹെക്ടറും സ്ഥലത്ത് ജലസേചനം നടത്താനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

46 (2737) പുതുതായി കുഴിച്ച കുളങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ മൈനർ ഇറിഗേഷൻ സ്കീം അനുസരിച്ച് പുതുതായി എത്ര കുളങ്ങൾ കുഴിച്ചു; എത്ര എണ്ണം പുനരുദ്ധരിച്ചു;

(ബി) ഇതിനായി എന്തുതുക വകകൊള്ളിച്ചിരുന്നു;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly